**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **02-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവർത്തിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11 (1) നോട്ടിഫിക്കേഷൻ 12.01.2023 ന പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പുരോഗമിച്ച വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഏകദേശം ഒരു വർഷത്തിനകം സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി എന്ന് ടെൻഡർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | കുറ്റ്യാടി ബൈപ്പാസ് പ്രവർത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധിക്കുകയും, ആയത് പരിഷ്കരിച്ച് സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ടി പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും, ടി പ്രവർത്തിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 540

02-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ മന്ത്രി) |

## മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 02.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 540 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

ജോയിന്റ് സെക്രട്ടറി